ഉത്തരം

(എ) 8.5 കോടി രൂപ

(ബി) 8.4166 കോടി രൂപയുടെ പദ്ധതികൾക്ക് ഇതുവരെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 500 ഹെക്ടറോളം സ്ഥലത്ത് കൂട്ടതലായി കൃഷി ചെയ്യുവാൻ കഴിയും. ഏകദേശം 1750 മെട്രിക് ടൺ നെല്ല് ഓരോ വർഷവും കൂട്ടതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

കൃഷി ഭവനുകൾ മുഖാന്തരം പഴം, പച്ചക്കറി വിപണനം

133 (1543) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഭവനുകൾ മുഖാന്തരം പഴം, പച്ചക്കറി മുതലായവ സംഭരിച്ച് പൊതു വിപണിയിൽ വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെ നിന്നൊക്കെയാണ് ഇവ സംഭരിച്ച് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പ്രാദേശിക കർഷകർക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പു വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

(ഡി) പദ്ധതി പ്രകാരം വിപണനം ചെയ്യുന്ന പഴവും പച്ചക്കറികളും ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പു വരുത്തുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) കൃഷി ഭവനുകൾ മുഖാന്തരം പഴം, പച്ചക്കറി മുതലായവ സംഭരിച്ച് പൊതുവിപണിയിൽ വിപണനം നടത്തുന്നതിന് പദ്ധതി മാർഗ്ഗരേഖകൾ തയ്യാറാക്കിവരുന്നു. കൂടാതെ കൃഷി ഭവനുകൾ മുഖാന്തരം കൃഷി വകുപ്പിന്റെ സംസ്ഥാനത്തുടനീളമുള്ള കാർഷിക മൊത്ത വ്യാപാര വിപണികളിൽ എത്തിക്കുന്ന പഴം, പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തിവരുന്നു.

(ബി) ഓരോ ജില്ലയിലും സംഭരണത്തിന് പച്ചക്കറി ഉല്പന്നങ്ങൾ ലഭ്യമാകുന്ന കൃഷി ഭവനുകൾ തെരഞ്ഞെടുത്തുകൊണ്ടാണ് പച്ചക്കറി സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനാണ് സംഭരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രകാരം വിപണനം ചെയ്യുന്ന പഴവും പച്ചക്കറികളും ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പു വരുത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്. കൂടാതെ പഴം, പച്ചക്കറികൾ ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം കേരളാ കാർഷിക സർവ്വകലാശാലയിൽ നിലവിലുണ്ട്.

കൃഷി ഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ

134 (1544) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) 2014-15-ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് വിവിധ കൃഷി ഭവനുകളിലൂടെ നടപ്പാക്കിയത് എന്നറിയിക്കാമോ ;

(സി) സംസ്ഥാനമൊട്ടാകെ ഈ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഉല്പാദന മേഖല തഴയപ്പെട്ടത് ഗ്രാമീണ മേഖലയിൽ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം ഓരോ ബ്ലോക്കിലും മാസത്തിൽ മീറ്റിംഗ് കൂടി വിലയിരുത്തുന്നുണ്ട്. ജില്ലാതലത്തിൽ ഇതിനായി പ്രത്യേക യോഗം ചേരുന്നുമുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഉല്പാദന മേഖലയിൽ കൃഷി വകുപ്പ് വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരാറുണ്ട്. എന്നാൽ കൃഷി വകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും എസ്.എച്ച്.എം. പദ്ധതികളും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുമൂലം ഗ്രാമീണ മേഖലയിലെ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ ഇത് ബാധിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly